**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4071** **17-03-2025 - ൽ മറുപടിയ്ക്ക്**

**ലഹരി വ്യാപനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിലെ വിവിധ മേഖലകളിൽ രാസലഹരി ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനം കർശനമായി തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | കോതമംഗലം താലൂക്ക് പരിധിയിലും പരിസര പ്രദേശങ്ങളിലും രാസലഹരി ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. കോതമംഗലം താലൂക്ക് പരിധിയിൽ കോതമംഗലം എക്സൈസ് സർക്കിൾ ഓഫീസും, ടി ഓഫീസിന്റെ കീഴിൽ രണ്ട് റെയ്ഞ്ച് ഓഫീസുകളുമാണ് ഉള്ളത്. റെയ്ഞ്ച് ഓഫീസുകളുടെയും, സർക്കിൾ ഓഫീസിന്റെയും നേതൃത്വത്തിൽ ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനായി വാഹന പരിശോധനകളും റെയ്ഡുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. വാഹന പരിശോധനകളുടെയും റെയ്ഡുകളുടെയും ഫലമായി നിരവധി എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടെടുത്തിട്ടുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ ആന്റി നാർക്കോട്ടിക് ക്ലബുകൾ രൂപീകരിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കുട്ടികളിലെ ക്രിയാത്മകതയും സർഗ്ഗാത്മകതയും പ്രോത്സാഹിപ്പിച്ച് ലഹരികളിൽ നിന്നും വഴിതിരിച്ച് വിടുന്നതിന് കോതമംഗലം താലൂക്കിന്റെ കീഴിൽ വരുന്ന സ്കൂളുകളിലെ കുട്ടികളെ ഉൾപ്പെടുത്തി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പരിശോധനകൾ കൂടുതൽ കർശനമാക്കി ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനാവശ്യമായ നടപടികൾ ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ? | (ബി) | രാസലഹരി ഉപയോഗം തടയുന്നതിനായി താലൂക്ക് തലത്തിൽ റെയ്ഞ്ചുകളെ ഏകോപിപ്പിച്ചുകൊണ്ട് സംയുക്ത പരിശോധനകളും സ്ട്രൈക്കിംഗ് ഫോഴ്സുകളും നടത്തിവരുന്നു. കോതമംഗലം താലൂക്ക് യൂണിറ്റുകളായി തിരിച്ച് ഓരോ യൂണിറ്റിനും പ്രത്യേകം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ലഹരി വിൽപ്പന സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുകയും ഇത്തരത്തിൽ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലും, ഓഫീസിൽ നേരിട്ടോ ഫോൺ |

| | | | |
|---|---|---|---|
| | | | വഴിയോ പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന രഹസ്യ വിവരങ്ങളെ സംബന്ധിച്ചും അന്വേഷണം നടത്തി കേസ്സുകൾ കണ്ടെത്തുകയും, സ്കൂളുകളുടേയും കോളേജുകളുടെയും പരിസരപ്രദേശങ്ങളിലും വിദ്യാർത്ഥികളും ചെറുപ്പക്കാരും താമസിക്കുന്ന ഹോസ്റ്റലുകളും വീടുകളും നിരീക്ഷിക്കുകയും അനധികൃതമായി എന്തെങ്കിലും ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ താലൂക്ക് ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗത്തിനെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ